9th January 2016 / Saturday

76th day of 90 days

**സങ്കീർത്തനങ്ങൾ** 119:116

**‘ ഞാൻ ജീവിച്ചിരിക്കേണ്ടതിനു നിന്റെ വചനം പ്രകാരം എന്നെ താങ്ങേണമേ. എന്റെ പ്രത്യാശയിൽ ഞാൻ ലജ്ജിച്ചുപോകരുതേ.’**

**ഈ ലോകത്തിൽ ജീവിക്കുമ്പോൾ പല വിധത്തിൽ നമ്മെ പാപത്തിലും ശാപത്തിലും വീഴ്ത്താൻ സാത്താൻ / ദുഷ്ടൻ ശ്രമിക്കുന്നു. നമ്മുടെ കഷ്ടതയിലും പ്രയാസത്തിലും ദൈവത്തോട് കൂടുതൽ അടുക്കാനും തിരുവചനത്തെ ധ്യാനിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കാനും ദൈവം സഹായിക്കട്ടെ. ദൈവമക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ / പ്രയാസങ്ങൾ സത്യവചനത്തിന്റെ അടിസ്ഥാനത്തിൽ ധ്യാനിച്ച്, ദൈവത്തിന്റെ പദ്ധതികൾ മനസ്സിലാക്കി പ്രവർത്തിക്കാനും അതിനെയെല്ലാം അതിജീവിച്ച് ദൈവത്തിന്റെ മക്കളായി നാം മാതൃകജീവിതം നയിക്കണം. ജീവിതപാതയിൽ പലവിധമായ പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ, ക്ഷണിക്കാത്ത അതിഥികളായി ദുഃഖങ്ങൾ, ദുരിതങ്ങൾ, കടന്നുവരുമ്പോൾ, സത്യവചനത്തിന്റെ ബലത്താൽ അതിനെ അതിജീവിക്കാൻ സത്യവചനം കൃത്യസമയത്ത് ഓർക്കുവാനും അത് അനുസരിച്ച് പ്രവർത്തിച്ച് വിജയം കൈവരിക്കാനും ദൈവത്തോട് ചേർന്ന് പ്രവർത്തിക്കാനും സാത്താനെയും കൂട്ടരെയും തോൽപ്പിക്കാനും കഴിയണം. ഈ ലോകത്തിലെ കഷ്ടതകളും പ്രയാസങ്ങളും ദൈവത്തിനുവേണ്ടി സഹിച്ചും വഹിച്ചും നിത്യരാജ്യത്തിന്റെ സമാധാനത്തിനും സന്തോഷത്തിനും വേണ്ടി സ്വയം സമർപ്പിച്ച് ദൈവത്തിന്റെ ഇഷ്ടത്തിനായി, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായി കാത്തിരിക്കേണം. കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാമും അവനോട് ചേരുന്നതിന് മദ്ധ്യാകാശത്തിലേക്ക് ഉയിർക്കപ്പെടുമെന്നും എന്ന പ്രത്യാശ ഉണ്ടാകണം. ഈ പ്രത്യാശ ഉളവാക്കണമെങ്കിൽ കഷ്ടതകൾ സഹിക്കുകയും വഹിക്കുകയും ചെയ്യേണം. കഷ്ടതകൾ സിദ്ധതയെയും സിദ്ധത പ്രത്യാശയും ഉളവാക്കുന്നു. കഷ്ടതകളില്ലാത്ത ജീവിതം, ക്രിസ്തീയ ജീവിതം പൂർണ്ണമാകില്ല. മനുഷ്യരെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും വീണ്ടെടുക്കുവാൻ വേണ്ടി, പിതാവായ ദൈവം തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ച് കഷ്ടതകൾ സഹിച്ചും വഹിച്ചും കുരിശിലേറി മരിച്ച് ഉയിർത്തെഴുന്നേററ്, പിതാവിന്റെ വലതുഭാഗത്തിരുന്ന്, തന്റെ മണവാട്ടി സഭയുടെ വളർച്ച പൂർത്തീകരിക്കുന്നതിനും രണ്ടാം വരവ് വേഗത്തിലാക്കാനും സാത്താനെയും കൂട്ടരെയും തോല്പിക്കാനുമുള്ള വേലയിൽ നമ്മളെയും പങ്കാളിയാക്കി, മദ്ധ്യസ്ഥത വഹിക്കുന്നു. നമ്മുടെ ശരീരം എത്രകാലം ഈ ലോകത്തിൽ ജീവിച്ചു എന്നതിനേക്കാൾ വലുത് ദേഹിയും ആത്മാവും കൂടി ചെയ്യാൻ ഏൽപ്പിച്ച വേലകൾ പൂർത്തീകരിച്ചോ എന്ന് പരിശോധിക്കേണം. സത്യവചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതത്തെ പരിശോധിച്ച് മാററം വരുത്തേണ്ടതായ കാര്യങ്ങൾ ശ്രദ്ധിച്ച് മാററം വരുത്തി ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകണം. കഷ്ടതകളിൽ സന്തോഷിക്കാനും അത് സഹിച്ചും വഹിച്ചും ദൈവത്തോട് ചേർന്നു നിന്ന് പ്രവർത്തിച്ച്, രണ്ടാം വരവ് എത്രയും വേഗത്തിലാക്കാൻ കഴിയണം. കഷ്ടതകളിലൂടെ സിദ്ധതയും പ്രത്യാശയും ലഭിച്ച്, നിത്യരാജ്യത്തിൽ നിത്യജീവനുവേണ്ടി ആഗ്രഹിച്ച് ഓരോ നിമിഷവും അനുഗ്രഹത്തിനായി ജീവിക്കാം.**